<u>പതിനാലാം കേരള നിയമസഭ</u>

<u>പത്താം സമ്മേളനം</u>

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5456** — **27.03.2018-ൽ മറുപടിയ്ക്ക്**

**<u>കൃഷി അറിവുകൾ കർഷകരിലെത്തിക്കാൻ കർഷക മിത്രങ്ങൾ</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.വി.വിജയദാസ്<br>ശ്രീമതി വീണാ ജോർജ്ജ്<br>ശ്രീ.ഐ.ബി. സതീഷ്<br>ശ്രീ. യു.ആർ.പ്രദീപ് | | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; | (എ) | സംസ്ഥാനത്ത് കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് 'വിപണി ഇടപെടൽ' പദ്ധതിയുടെ ഭാഗമായി ഓണസമൃദ്ധി, വിഷുക്കണി, സംഭരണം, താങ്ങുവില നിശ്ചയിക്കൽ എന്നിവയും കൂടാതെ വിപണി വികസനം ശക്തിപ്പെടുത്തൽ പദ്ധതിയുടെ ഭാഗമായി കാർഷിക മൊത്ത വ്യാപാര വിപണി, തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്ത് ആഴ്ച ചന്തകൾ എന്നിവ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | കർഷകരുടെ ഉല്പന്നങ്ങൾ വീടുകളിലെത്തി ശേഖരിച്ച് വിപണിയിൽ എത്തിക്കുന്നതിന് കർഷക മിത്രങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | കൃഷി ഭവനുകൾ വഴി ലഭിക്കുന്ന വിവിധ സഹായങ്ങളും കൃഷി അറിവുകളും കർഷകരിലെത്തിക്കാൻ കർഷക മിത്രങ്ങളുടെ സേവനം പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (സി) & (ഡി) | കർഷക മിത്രമായി തെരഞ്ഞടുക്കുന്ന ആൾ കർഷക കുടുംബത്തിൽ നിന്നുള്ള ആളായിരിക്കണം. കമ്പ്യൂട്ടറിൽ ഏറ്റവും കുറഞ്ഞത് ഒരു മാസത്തെയെങ്കിലും അംഗീകൃത ട്രൈനിംഗ് നേടിയ ആളായിരിക്കണം. വിപണ രംഗത്ത് പ്രവർത്തി പരിചയം ഉള്ളവർക്ക് മുൻഗണന നൽകുന്നതാണ്. സ്വയം തൊഴിൽ അടിസ്ഥാനത്തിൽ പ്രവർത്തിക്കണം ,ഒരു മാസം കുറഞ്ഞത് 100 കർഷകരുടെയെങ്കിലും ഉല്പന്നങ്ങൾ വിൽക്കാൻ സഹായിക്കണം, കർഷകർക്ക് മാർക്കറ്റിലെ വിലനിലവാരം അന്നന്ന് ശേഖരിച്ച് അറിയിക്കണം. 1 ലക്ഷം രൂപയുടെ ബാങ്ക് ഗ്യാരണ്ടി നൽകണം. |
| (ഡി) | കർഷക മിത്രങ്ങളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണ്; വിശദമാക്കാമോ; | | |
| (ഇ) | ഇടനിലക്കാരെ ഒഴിവാക്കുന്നതുമൂലം കർഷകർക്ക് ന്യായമായ വില ലഭ്യമാകുമെന്നതിനാൽ ഈ പദ്ധതി കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ